LIBRARY ARCHIVES Kerala Legislative Assembly

ഫാസ്റ്റ്ട്രാക്ക് കോൾ സെന്ററുകൾ

171 (4506) ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് സ്ത്രീകളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഫാസ്റ്റ്ട്രാക്ക് കോൾ സെന്ററുകൾ എത്രയെണ്ണം പ്രവർത്തിക്കുന്നുണ്ടെന്നും ഇത് ഏതെല്ലാം സ്ഥലങ്ങളിലാണെന്നും വ്യക്തമാക്കാമോ ;

(ബി) എത്ര വീതം പോലീസ് ഉദ്യോഗസ്ഥരാണ് ഓരോ സെന്ററിലുമുള്ളത് ; പ്രസ്തുത സെന്ററുകൾ വഴി സ്ത്രീകൾക്ക് എന്തെല്ലാം സേവനങ്ങളാണ് ലഭ്യമാക്കുന്നത് ;

(സി) ഇതുവരെ സേവനങ്ങൾ ആവശ്യപ്പെട്ടുകൊണ്ടുള്ള എത്ര കോളുകൾ വീതം ഓരോ കോൾ സെന്ററുകളിലും വന്നിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) വനിതകൾക്കെതിരെയുള്ള അതിക്രമങ്ങൾ ഫലപ്രദമായി തടയുന്നതിനും മറ്റുമായി 2-7-2013-ലെ ജി.ഒ.(എംഎസ്.) നമ്പർ 165/2013/ആഭ്യന്തരം പ്രകാരം തിരുവനന്തപുരം സിറ്റി, കോഴിക്കോട് സിറ്റി, കോട്ടയം എന്നിവിടങ്ങളിൽ ക്വിക്ക് ആക്ഷൻ ടീം & കോൾ സെന്ററുകൾ തുടങ്ങുന്നതിന് അനുമതി നൽകിയിട്ടുണ്ട്. അസിസ്റ്റന്റ് സബ് ഇൻസ്പെക്ടർ ഓഫ് പോലീസ്/ സീനിയർ സിവിൽ പോലീസ് ഓഫീസർമാർ-2, സിവിൽ പോലീസ് ഓഫീസർമാർ-3, വുമൺ സിവിൽ പോലീസ് ഓഫീസർമാർ-2 എന്നീ ക്രമത്തിലുള്ള അംഗബലം മേൽപ്പറഞ്ഞ ഓരോ ക്വിക്ക് ആക്ഷൻ ടീമുകൾക്കും അനുവദിച്ചിട്ടുണ്ട്. സ്ത്രീകളുടെ Distress Call-ന് ഉടനടി സഹായമെത്തിക്കുക എന്നതാണ് കാൾ സെന്ററുകൾ കൊണ്ടുള്ള പ്രധാന സേവനം.

(സി) പ്രസ്തുത കോൾ സെന്ററുകൾ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കസ്റ്റഡി മരണങ്ങൾ

172 (4507) ശ്രീ. എം. ഹംസ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര കസ്റ്റഡിമരണങ്ങൾ റിപ്പോർട്ട് ചെയ്യുകയുണ്ടായി ; വാർഷിക-ജില്ലാടിസ്ഥാനത്തിലുള്ള വിശദാംശം ലഭ്യമാക്കാമോ ;

(ബി) ഏതെല്ലാം പോലീസ് സ്റ്റേഷനുകളിലാണ് കസ്റ്റഡിമരണങ്ങൾ റിപ്പോർട്ട് ചെയ്തതെന്ന് വ്യക്തമാക്കാമോ ;